(സി) ഈ അലവൻസു കുറവു ചെയ്യുന്നതിനു് പരിഹാരമുണ്ടാക്കത്തക്ക വിധത്തിൽ എന്തെങ്കിലും വർദ്ധനവു് കമ്മീഷൻ ശുപാർശചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു് ;

(ഡി) മറ്റേതെങ്കിലും വിഭാഗക്കാരുടെ ഈ രീതിയിലുള്ള അലവൻസു നിറുത്തലാക്കിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്) :

(എ) ഉണ്ടു്.

(ബി) പ്രതിമാസം 33 രൂപ.

(സി) കമ്മീഷന്റെ ശുപാർശപ്രകാരം പഴയ ശമ്പളസ്കെയിലിൽ തുടരാൻ സമ്മതമുള്ളവർക്കു് മെസ്സു അലവൻസു തുടർന്നു നൽകുന്നതാണു്. പുതിയ സ്കെയിലിൽ പ്രവേശിപ്പിക്കപ്പെടുന്നവർക്കു് മെസ്സു് അലവൻസു് നിറുത്തലാക്കുന്നതുകൊണ്ടു് വേതനത്തിൽ കുറവുണ്ടാകാത്ത വിധത്തിൽ സംരക്ഷണം നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

(ഡി) മെസ്സു് അലവൻസു ലഭിച്ചിരുന്ന മറ്റു വിഭാഗം ജീവനക്കാരില്ലാത്തതിനാൽ അവരെ സംബന്ധിച്ചിടത്തോളം ഈ ചോദ്യം ഉദിക്കുന്നില്ല. ഡോബി അലവൻസിനു തുല്യമായ വാഷിംഗു് അലവൻസു ലഭിക്കുന്ന ക്ലാസു് ഫോർ മുതലായ താഴ്ന്ന ശമ്പളക്കാരുടെ അലവൻസു് നിറുത്തലാക്കിയിട്ടില്ല.

പോലീസു് വെരിഫിക്കേഷൻ

* 69. [179] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസു് വെരിഫിക്കേഷൻമൂലം ജോലി നഷ്ടപ്പെട്ട എത്ര ആളുകൾക്കു് ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ജോലി നൽകിയിട്ടുണ്ടു്;

(ബി) ഇനിയും എത്ര ആളുകൾക്കുകൂടി ജോലി നൽകാനുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്) :

(എ)-യും (ബി)-യും പോലീസു് വെരിഫിക്കേഷൻ കാരണം ജോലി നിഷേധിക്കപ്പെട്ടിരുന്ന എല്ലാവരുടേയും കേസുകളും ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം പുനഃപരിശോധന ചെയ്തു, അവരിൽ രാഷ്ട്രീയ പരിഗണനമൂലം ജോലി നിഷേധിച്ചിരുന്നവരുടെ പേരിലുള്ള ഡീബാർമെന്റു് ഉത്തരവു് റദ്ദാക്കി, അവരെ ജോലിയിൽ പ്രവേശിപ്പിക്കാൻ ഉത്തരവായിട്ടുണ്ടു്. അങ്ങനെയുള്ള എല്ലാവർക്കും അതതു് വകുപ്പുമേധാവികളും നിയമന ഉത്തരവുകളും അയച്ചിട്ടുണ്ടു്.

കോർപ്പറേഷനുകളിലെ നിയമനങ്ങൾ

* 70. [181] ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്) : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോർപ്പറേഷനുകളിലും മറ്റും നിയമനങ്ങൾക്കു് ഒരു പ്രത്യേക സെലക്ഷൻബോർഡു് രൂപീകരിക്കാനുദ്ദേശിക്കുന്നതായ ഗവണ്മെന്റു് പ്രഖ്യാപനം എത്ര കാലത്തിനുള്ളിൽ നടപ്പിലാകും;

(ബി) ഇതു സംബന്ധിച്ച നടപടികൾ എത്രത്തോളമായി?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്) :

(എ) & (ബി) ഈ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കയാണ്.

ട്രൈബൽ അഡ്വൈസറി ബോർഡ്

* 71. [182] ശ്രീ. എം. രാമണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രൈബൽ അഡ്വൈസറിബോർഡ് സംഘടിപ്പിക്കാതിരിക്കുവാനുണ്ടായ കാരണമെന്താണ്;

(ബി) കേന്ദ്രട്രൈബൽ അഡ്വൈസറി ബോർഡിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന ട്രൈബ് മെമ്പർ ആരാണ്?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) നിലവിലിരിക്കുന്ന പിന്നോക്കസമുദായേന്നമന ഉപദേശക സമിതി പട്ടിക ചർഗ്ഗക്കാരെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതുകൊണ്ട് സ്റ്റേറ്റ് ട്രൈബൽ അഡ്വൈസറി ബോർഡ് അടിയന്തിരമായി പുനഃസംഘടിപ്പിക്കേണ്ട ആവശ്യമുണ്ടെന്ന് ഗവണ്മെൻറു കരുതിയില്ല. സ്റ്റേറ്റ് ട്രൈബൽ അഡ്വൈസറി ബോർഡ് പുനഃസംഘടിപ്പിക്കുന്ന കാര്യം ഇപ്പോൾ ഗവണ്മെൻറിന്റെ സജീവപരിഗണനയിൽ ഇരിക്കുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

കേരളത്തിന്റെ നാലാം പഞ്ചവത്സരപദ്ധതി

* 72. [184] ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ നാലാം പഞ്ചവത്സരപദ്ധതിക്ക് അവസാനരൂപം നൽകി കഴിഞ്ഞോ;

(ബി) എങ്കിൽ പൊതുമേഖലാനിക്ഷേപത്തിന്റെ ആകെത്തുകയെത്ര;

(സി) നാലാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന വ്യവസായപദ്ധതികൾ ഏവ;

(ഡി) കാർഷികത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനും ഏതെങ്കിലും പരിപാടി ഈ പദ്ധതിയിൽ ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ ആകെത്തുകയെത്ര?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്)

(എ) ഇല്ല.

(ബി, സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

അഞ്ചാം ധനകാര്യകമ്മീഷൻ

* 73. [185] ശ്രീ. പി. കുട്ടിക്കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചാം ധനകാര്യകമ്മീഷനുമായി ബന്ധപ്പെട്ട ജോലികൾക്കായി സംസ്ഥാന ധനകാര്യവകുപ്പിൽ രണ്ട് സെക്ഷനുകൾ രൂപീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly